(ഡി) പ്രസ്തുത ജീവനക്കാർക്ക് 1998-99-ൽ നൽകിയ ബോണസ് എത്ര ശതമാനമായിരുന്നുവെന്നും ആകെ എത്ര രൂപ ഇതിനായി ചെലവഴിച്ചു എന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) 1998-99 കണക്കു പ്രകാരം കേരളത്തിൽ ഏറ്റവും അധികം ലാഭ മുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനം ചവറയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ആണ്.

(ബി) കഴിഞ്ഞ പത്ത് സാമ്പത്തിക വർഷങ്ങളിലെ പ്രസ്തുത സ്ഥാപനത്തിന്റെ ലാഭനഷ്ടം കാണിക്കുന്ന പട്ടിക അനുബന്ധമായി വച്ചിരിക്കുന്നു.†

(സി) പ്രസ്തുത സ്ഥാപനത്തിൽ കാഷ്വൽ തൊഴിലാളികളടക്കം ആകെ 2096 തൊഴിലാളികളാണുള്ളത്.

(ഡി) മേൽ ജീവനക്കാർക്ക് 1998-99-ൽ പ്രതിമാസ ശമ്പളം 2500/- രൂപയായി നിജപ്പെടുത്തി വാർഷിക വരുമാനം കണക്കാക്കി അതിന്റെ 40% എക്സ്ഗ്രേഷ്യാ/ബോണസ്സായി നൽകിയിരുന്നു. ഈ ഇനത്തിൽ 156.8 ലക്ഷം രൂപ ചെലവഴിച്ചു.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ്

**10 (3080)** ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിൻ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകൾ പുനഃസംഘടിപ്പിക്കാൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പൊതുമേഖലാസ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കണമെന്ന് ഇതിനായി രൂപീകരിച്ച ഏതെങ്കിലും കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ;

(സി) വിജിലൻസ് കേസും അന്വേഷണവും നേരിടുന്ന എത്രപേർ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിലുണ്ട്; ഇവരുടെ പേരും സ്ഥാപനത്തിന്റെ പേരും വെളിപ്പെടുത്തുമോ;

(ഡി) ഇവരെ ഡയറക്ടർ ബോർഡിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമേഖലാസ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകൾ യഥാകാലം പുനഃസംഘടിപ്പിക്കാറുണ്ട്.

(ബി) ഇതു സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.

(സി)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly